**അനുബന്ധം**

വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ശ്രീ. നജീബ് കാന്തപുരം എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

കേരളത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ വലിയ മുന്നേറ്റം സാധ്യമാക്കിയ വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കിയ സർക്കാരാണ് എൽ.ഡി.എഫ്. സർക്കാർ. അതിന്റെ രണ്ടാംഘട്ട വികസനപ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞു. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ കേരളത്തിൽ പ്രത്യേകിച്ചും തെക്കൻ കേരളത്തിൽ സാധ്യമാകാൻ പോകുന്ന വികസന വിപ്ലവം മുന്നിൽക്കണ്ട് ദീർഘവീക്ഷണത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ്. വിഴിഞ്ഞം തുറമുഖത്തുനിന്നുള്ള ചരക്കുനീക്കം വേഗത്തിലാക്കാനും അതിന്റെ ഭാഗമായി സാധ്യമാക്കാനിടയുള്ള വ്യവസായ-വ്യാപാര മുന്നേറ്റങ്ങൾക്ക് വേഗംപകരാനുള്ള പദ്ധതിയെന്ന നിലയിലാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. സർക്കാർ ഈ പദ്ധതിയെ സമീപിച്ചത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്രസർക്കാരിന് മുന്നിൽ പദ്ധതി നിർദേശം മുന്നോട്ടുവയ്ക്കുകയും ഔട്ടർ റിങ് റോഡ് ദേശീയപാത പദ്ധതിയായി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടു. 28-04-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ പദ്ധതി ദേശീയപാത അതോറിറ്റി ഏറ്റെടുക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചു. കേന്ദ്രം ആവശ്യപ്പെട്ടതനുസരിച്ച് സംസ്ഥാനത്തിന്റെ ധനപരമായ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാരും തീരുമാനിച്ചു. പദ്ധതിക്ക് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ അംഗീകാരം ലഭിക്കുന്നതിന് തുടർന്നും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇടപെടലുകൾ നടത്തിക്കൊണ്ടിരുന്നു. കേരളത്തിന്റെ തുടർച്ചയായ ആവശ്യം അംഗീകരിച്ച് NHAI, അലൈൻമെന്റിന് അന്തിമ രൂപം നൽകി. ഇതേത്തുടർന്ന് സംസ്ഥാനത്തിന്റെ പങ്കാളിത്തം സംബന്ധിച്ച് സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനമെടുത്തു.

നാവായിക്കുളം മുതൽ വിഴിഞ്ഞം വരെ സർവീസ് റോഡുകളുൾപ്പെടെ 45 മീറ്റർ വീതിയിൽ ഔട്ടർ റിങ് റോഡ് വികസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ 50 ശതമാനം തുകയും സർവീസ് റോഡുകളുടെ നിർമ്മാണത്തുകയും പൂർണ്ണമായും സംസ്ഥാനം ഏറ്റെടുത്തു. കൂടാതെ, നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതി, റോയൽറ്റി എന്നിവയിൽ നിന്നുള്ള വരുമാനം സംസ്ഥാന സർക്കാർ അധിക ബാധ്യതയായി ഏറ്റെടുക്കുകയും ചെയ്തു. ഏകദേശം 1,629.24 കോടി രൂപ ബാധ്യത വരുന്ന പാക്കേജാണ് സംസ്ഥാനം അംഗീകരിച്ചത്. ഈ വ്യവസ്ഥകളുൾപ്പെട്ട ധനകാര്യ പങ്കാളിത്ത ഉടമ്പടി ഒപ്പുവയ്ക്കുന്നതിന് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചെങ്കിലും ഇപ്പോഴും കേന്ദ്രത്തിന്റെ അന്തിമ അനുമതി ലഭിച്ചിട്ടില്ല. 2024 ഡിസംബറിലും 2025 ജൂണിലും ഒക്ടോബറിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിയെ നേരിട്ട് സന്ദർശിച്ച് ഔട്ടർ റിങ് റോഡ് പദ്ധതിക്ക് അനുമതി

ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തിയിരുന്നു. അനുമതി നൽകുമെന്ന ഉറപ്പും കേന്ദ്രമന്ത്രി നൽകിയിരുന്നു.

ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം ഉദ്യോഗസ്ഥതലത്തിലും ചർച്ചകൾ നടത്തിവരുന്നുണ്ട്. ചീഫ് സെക്രട്ടറി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് കത്തയയ്ക്കുകയും അനുമതി കാര്യം ഓർമപ്പെടുത്തുകയും ചെയ്തു. എന്നാൽ സംസ്ഥാനത്ത് ദേശീയപാത 66-ൽ ചില ഭാഗങ്ങളിലുമുണ്ടായ തകരാറുകൾ പരിഗണിച്ച്, ഔട്ടർ റിങ് റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് വിദഗ്ധ ഏജൻസി മുഖേന വിശദമായ പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന മറുപടിയാണ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം നൽകിയത്. അപകടസാധ്യതയുള്ള ഉയർന്ന കട്ടിങ് (High Cutting) മേഖലകളിൽ ടണൽ ഉൾപ്പെടെയുള്ള അനുയോജ്യമായ പരിഹാരങ്ങൾ സാധ്യമാണോയെന്ന് പരിശോധിക്കാൻ M/s. Frontier Geo Services Pvt. Ltd.-നെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഇവരുടെ റിപ്പോർട്ടുകൂടി പരിശോധിച്ച് പരിഷ്കരിച്ച ഡി.പി.ആർ. ഫെബ്രുവരിയോടെ സമർപ്പിക്കുമെന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതിയുടെ

പാരിസ്ഥിതിക അനുമതി കേന്ദ്രവനം-പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. പദ്ധതിക്ക് അന്തിമ അനുമതി നൽകുന്നത് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ പരിഗണനയിലാണെന്നും മുൻഗണനാക്രമവും ഫണ്ട് ലഭ്യതയും പരിഗണിച്ച് അനുമതി ലഭ്യമാക്കുന്നതാണെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നടപടികൾ വേഗത്തിലാക്കി ഔട്ടർ റിങ് റോഡിന് അടിയന്തരമായി അനുമതി നൽകണമെന്ന് കേന്ദ്രത്തോട് വീണ്ടും ആവശ്യപ്പെടും. ഈ ആവശ്യമുന്നയിച്ച് കേന്ദ്രത്തിന് വീണ്ടും കത്തയയ്ക്കും.